**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 954** **18-09-2025 - ൽ മറുപടിയ്ക്ക്**

**നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പ് നാളിതുവരെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ; | (എ) | സംസ്ഥാനത്ത് നൈപുണ്യ പരിശീലനവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**1. നൈപുണ്യ വികസന പരിശീലനങ്ങൾ :-**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽ രഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. വിവര സാങ്കേതികം, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നിലവിൽ നടപ്പിലാക്കിവരുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ തൊഴിൽ ലഭ്യമാക്കൽ (പ്ലേസ്മെന്റ്) ഈ പദ്ധതികൾ പ്രകാരം ഉറപ്പാക്കുന്നു.<br><br>2. **പ്രധാൻ മന്ത്രി - അനുസൂചിത് ജാതി അഭ്യുദയ് യോജന (PM-AJAY).**<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളായ, പ്രധാനമന്ത്രി ആദർശ് ഗ്രാം യോജന (PMAGY), പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായം (SCA to CSP), ബാബു ജഗജീവൻ റാം ഛത്രവാസ് യോജന (BJRCY) എന്നീ പദ്ധതികൾ ലയിപ്പിച്ചു പ്രധാൻ മന്ത്രി അനുസുചിത് ജാതി അഭ്യുദയ് യോജന (PM-AJAY) എന്ന പുതിയ പദ്ധതി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരുന്നു. |

പ്രധാൻ മന്ത്രി - അനുസൂചിത് ജാതി അഭ്യുദയ് യോജന (PM-AJAY) പദ്ധതിയുടെ ഭാഗമായി കേരള ഡിജിറ്റൽ സർവ്വകലാശാല (Digital University of Kerala) BWFS (Bird WorldWide Flight Services) എന്നീ സ്ഥാപനങ്ങൾ മുഖേന നിലവിൽ ഏവിയേഷൻ, ഐ.ടി മേഖലകളിൽ വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ നടപ്പിലാക്കി വരുന്നു.

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് അവരവരുടെ താല്പര്യത്തിനനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യത ഉള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ അംഗീകൃത പരിശീലന സ്ഥാപനങ്ങൾ നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് - തൊഴിൽദാതാക്കളുമായി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിന് പ്രാപ്തരാക്കുകയോ ചെയ്യുന്നതിന് ചുവടെ പരാമർശിക്കും പ്രകാരം ആധുനിക തൊഴിൽ അധിഷ്ഠിത നൈപുണ്യ വികസന പദ്ധതികൾ വകുപ്പ് മുഖേന നടത്തി വരുന്നുണ്ട്.

- ഏവിയേഷൻ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

- - ഓട്ടോ മൊബൈൽ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

- ഡിജിറ്റൽ മേഖലയിലെ തൊഴിൽ പരിശീലങ്ങൾ

- ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

- നിർമ്മാണ മേഖലയിലെ തൊഴിൽ പരിശീലനങ്ങൾ

- അഭിഭാഷക ധനസഹായ പദ്ധതി

- പൈലറ്റ് പരിശീലന ധനസഹായ പദ്ധതി

- സിവിൽ സർവീസ് പരിശീലന ധനസഹായ പദ്ധതി

- ഉന്നതി - വിദേശ പഠന സഹായ പദ്ധതി

| | | | |
|---|---|---|---|
| | | | സർക്കാർ മേഖലകളിലെ തൊഴിൽ മേഖലകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച TRACE പദ്ധതിയിലൂടെ ചുവടെ പറയുന്ന സർക്കാർ മേഖലകളിൽ ഓണറേറിയത്തോടെ തൊഴിൽ ലഭിക്കുന്നു.<br>* അക്രെഡിറ്റഡ് എഞ്ചിനിയർ<br>* ഓഫിസ് മാനേജ്മെന്റ് ട്രെയിനി<br>* എസ് ടി പ്രൊമോട്ടർ<br>* കമ്മിറ്റഡ് സോഷ്യൽ വർക്കർ<br>* സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർ<br>* ട്രൈബൽ പാരാമെഡിക്സ്<br>• * സീനിയർ അഭിഭാഷകരുടെ കീഴിൽ ഇന്റേൺഷിപ്പ്<br>* മെന്റർ ടീച്ചർ |
| (ബി) | ഇതുവരെ എത്ര പേർക്ക് നൈപുണ്യ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് മുഖേന 2021 - 22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 2042 പേർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 4502 പേർക്കും വിവിധ മേഖലകളിൽ നൈപുണ്യ പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | ഇതിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദവിവരം നൽകാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട 311 പേർക്ക് നാളിതുവരെ തൊഴിൽ ലഭ്യമായിട്ടുണ്ട്. കോഴ്സ് തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർക്കുന്നു.<br>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 3112 പേർക്ക് ഇതിലൂടെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

**നൈപുണ്യ വികസന പരിശീലനങ്ങളുടെ വിവരങ്ങൾ**

| SL No | Agency | Course | No of trainees completed | Placed |
|---|---|---|---|---|
| 1. | CIPET ,KOCHI | Machine Operator- Plasctic Processing | 50 | 50 |
| | | Machine Operator – Injection Moulding | 50 | 50 |
| 2. | Kuttukkaran Institute | Advanced Automobile Engineering | 86 | 74 |
| 3. | KELTRON | Advanced Diploma in Web Application using Free & Open Source Platform | 86 | പ്ലേസ്മെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു . |
| | | Advanced Diploma in IT Enabled Service & BPO | 155 | |
| | | Youth Employability Skill Training | 167 | |
| | | Electronics & Hardware Service Technician | 376 | |
| | | Networking Professional | 77 | |
| 4 | BWFS | Airline Customer Service Executive | 89 | 88 |
| 5 | KASE | Retail Sales Associate | 16 | പ്ലേസ്മെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു . |
| | | Certified Nursing Assistan | 35 | 18 |
| 6 | Digital University , kerala | Block chain Architecture | 32 | 28 |
| | | Cyber Security | 25 | പ്ലേസ്മെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു . |
| | | PCB Design | 25 | പ്ലേസ്മെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു . |

| | | | | |
|---|---|---|---|---|
| | | | | |
| 7. | PRTC | Pre Recruitment Training | 706 | പ്ലേസ്മെന്റ് ഉറപ്പ് നൽകുന്ന പരിശീലനം അല്ല |
| 8. | REACH | Led Manufacturing | 40 | പ്ലേസ്മെന്റ് ഉറപ്പ് നൽകുന്ന പരിശീലനം അല്ല |
| | | Enterprenurship Developm ent traning | 24 | പ്ലേസ്മെന്റ് ഉറപ്പ് നൽകുന്ന പരിശീലനം അല്ല |
| 9. | ATDC | B.voc fashion Designing | 3 | 3 |
| **Total** | | | **2042** | **311** |